

“എനിക്ക് ഒരു ചെലവുമില്ലാത്ത
ദഹനബലി എൻെറ ദൈവമായ
കർത്താവിനു ഞാൻ അർപ്പിക്കുകയില്ല.”

2 സാമുവൽ 24:24

# വിചിന്തനം

## ജൂലൈ 2022

വിശുദ്ധ തോമസ് അക്വിനാസിന്റെ വാക്കുകളിൽ സ്നേഹമെന്നത് അപരന്റെ നന്മ ആഗ്രഹിക്കലാണ്. സ്നേഹത്തിന് ഒരിക്കലും സ്വാർത്ഥമാകാൻ കഴിയില്ലെന്ന് അദ്ദേഹം അടിവരയിടുന്നു. കുറച്ചുകൂടി വ്യക്തമാക്കിയാൽ സ്നേഹമെന്നത് ആരോടെങ്കിലും തോന്നുന്ന മൃദുല വികാരമോ ഊഷ്മളമായ അനുഭൂതിയോ അല്ല, മറിച്ച് ആത്യന്തികമായി അയാളുടെ നന്മയ്ക്കുവേണ്ടി നിലകൊള്ളുന്നതാണ്. എന്നാൽ യഥാർഥ അർഥം മനസ്സിലാക്കാതെയാണ് സ്നേഹമെന്ന പദം നാം പലപ്പോഴും ഉപയോഗിക്കുന്നത്. ഐസ്ക്രീമിനോടും വീട്ടിലെ നായ്ക്കുട്ടിയോടും സ്വന്തം ജോലിയോടുമൊക്കെ സ്നേഹമുണ്ടെന്നു നാം പറയുന്നു. അതേ ഭാവത്തോടെതന്നെയാണ് ജീവിതപങ്കാളിയോടും അയൽക്കാരനോടും എന്തിന് ദൈവത്തോടുപോലുമുള്ള സ്നേഹത്തെക്കുറിച്ചും നാം സംസാരിക്കുന്നത്. യഥാർഥ സ്നേഹത്തിന്റെ സവിശേഷതകളെക്കുറിച്ച് പൗലോസ് ശ്ലീഹാ കൊറീന്തോസുകാർക്ക് എഴുതിയ ലേഖനത്തിൽ വിവരിക്കുന്നുണ്ട് (1 കോറി 13, 4-7). അപരന്റെ നന്മയെ കരുതി ഏതുസാഹചര്യത്തിലും എന്തുവിലയും കൊടുക്കുന്ന നിസ്വാർഥമായ സ്നേഹത്തെ നാമിവിടെ കാണുന്നു. നമ്മുടെ സ്നേഹം പലപ്പോഴും സ്വാർഥതയിൽനിന്നാണ്. എന്നാൽ യഥാർഥ സ്നേഹം ത്യാഗത്തിൽനിന്നത്രേ.

2 സാമുവൽ 24ാം അധ്യായം ദാവീദിന് ദൈവത്തോടുള്ള സ്നേഹത്തിന്റെ മനോഹരമായ ഒരു ചിത്രമാണു സമ്മാനിക്കുന്നത്. എന്നാൽ ദൈവഹിതത്തിനു വിപരീതമായി ദാവീദ് രാജാവ് നടത്തിയ ഒരു ജനസംഖ്യാ കണക്കെടുപ്പ് ആ രാജ്യത്തിലേക്കു വലിയ അനർഥങ്ങൾ ക്ഷണിച്ചുവരുത്തി. രാജ്യത്തു പൊട്ടിപ്പുറപ്പെട്ട മഹാമാരി 70,000 പേരുടെ ജീവനാണു കവർന്നത്. ഈ പകർച്ചവ്യാധിയെ തടയണമെങ്കിൽ ദാവീദ് തന്റെ തെറ്റിനു പ്രായ്ശ്ചിത്തം ചെയ്യണമെന്ന് ഗാദ് പ്രവാചകൻ അറിയിക്കുന്നു. ജബൂസ്യനായ അരവ്നായുടെ മെതിക്കളത്തിൽ കർത്താവിനൊരു ബലിപീഠം പണിയാനാണു പ്രവാചകൻ ആവശ്യപ്പെടുന്നത്. പശ്ചാത്താപ വിവശനായ ദാവീദ് കർത്താവിന്റെ കൽപന അനുസരിക്കാൻ തയ്യാറായി. അവൻ തന്റെ സേവകരോടൊപ്പം ഈ സ്ഥലത്തെത്തി. രാജാവിന് തന്റെ സ്ഥലം വേണമെന്നുകേട്ട അരവ്നാ തെല്ലും മടിയില്ലാതെ സൗജന്യമായി സ്ഥലം വിട്ടുനൽകാൻ തയാറായി. മാത്രമല്ല, ബലിയർപ്പിക്കാനുള്ള കാളകളും വിറകുമെല്ലാം അവൻതന്നെ വാഗ്ദാനം ചെയ്തു. എന്നാൽ വിലനൽകാതെ സ്ഥലമോ കാളകളെയോ താൻ സ്വീകരിക്കില്ലെന്നതായിരുന്നു ദാവീദ് രാജാവിന്റെ മറുപടി. തനിക്ക് ഒരു ചെലവുമില്ലാത്ത ദഹനബലി ദൈവമായ കർത്താവിനു താൻ അർപ്പിക്കുകയില്ലെന്ന് ദാവീദ് ഉറപ്പിച്ചുപറഞ്ഞു.

ദൈവത്തോടുള്ള നമ്മുടെ സ്നേഹം യഥാർഥമാണോ എന്നുവെളിപ്പെടുന്നത് നാം ഉപയോഗിക്കുന്ന വാക്കുകളുടെ മനോഹാരിതയിലല്ല. ദൈവഹിതത്തിനു മുന്നിലുള്ള നമ്മുടെ സ്വയം സമർപ്പണത്തിന്റെ പൂർണതയിലാണ്. ക്രിസ്തുവിനെ അനുഗമിക്കുക എന്നത് ഒരു പൂന്തോട്ടത്തിലൂടെ നടക്കുന്നത്ര എളുപ്പമാകില്ല. ദാവീദിന്റെ കാര്യമെടുത്താൽ താൻ ചെയ്ത തെറ്റുമനസ്സിലാക്കിയ അദ്ദേഹം കൊട്ടാരം വിട്ടിറങ്ങുകയാണ്. അരവ്നായോട് മെതിക്കളം വിട്ടുതരണമെന്ന് നേരിട്ടെത്തി അപേക്ഷിക്കുന്നു. ഒരു രാജാവിനെ സംബന്ധിച്ച് എളിമയുടെ അങ്ങേയറ്റമാണിത്. തീർന്നില്ല, ആവശ്യമായതെല്ലാം സൗജന്യമായി ലഭിക്കുമായിരുന്നിട്ടും വിലനൽകാതെ ഒന്നും സ്വീകരിക്കില്ലെന്നു ദാവീദ് നിർബന്ധം പിടിക്കുന്നു.

പഴയനിയമത്തിൽ മൃഗങ്ങളെ ബലിയർപ്പിക്കുന്നതായിരുന്നു മുഖ്യമായ ദൈവാരാധന. എന്നാൽ യേശുവിന്റെ ആത്മബലിയിലൂടെ പഴയനിയമത്തിലെ പാപ പരിഹാരബലികൾ തിരുത്തിയെഴുതപ്പെട്ടു. കുരിശിലെ ബലിയിലൂടെ വീണ്ടെടുക്കപ്പെട്ട നമ്മൾ ക്രിസ്തുവിലൂടെ ദൈവത്തിന് ആത്മീയബലിയർപ്പിക്കാൻ വിളിക്കപ്പെട്ടവരാണ് (1 പത്രോ 2,5). ദൈവത്തോടുള്ള കറകളഞ്ഞ സ്നേഹമാണ് യഥാർഥ ആരാധന. നാം ദൈവത്തെ ആരാധിക്കുമ്പോൾ അരുതാത്ത ആരാധനാമൂർത്തികളെയെല്ലാം നമ്മുടെയുള്ളിൽനിന്നു നീക്കംചെയ്യാൻ നാം പഠിക്കും. ദൈവസ്ഥാനത്ത് നമ്മൾ പ്രതിഷ്ഠിക്കുന്ന പണം, സുഖസൗകര്യങ്ങൾ, ഭൗതികനേട്ടങ്ങൾ, അഹംഭാവം എന്നിവയെല്ലാം അപ്രധാനമായിത്തീരും (ഫ്രാൻസിസ് മാർപാപ്പ). സ്വന്തം ശരീരത്തിലും മനസ്സിലും സുഖവും സന്തോഷവും തേടാനുള്ള ശക്തമായ ഒരു പ്രവണത നമ്മിലുണ്ടെന്നതാണ് യാഥാർഥ്യം. അതിനാലാണ് ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കണമെന്ന് പൗലോസ് ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നത് (റോമ 12, 12). ദൈവത്തെ ആരാധിക്കുന്ന ഒരു ഹൃദയത്തിന് ജഡമോഹങ്ങളെ വരുതിയിലാക്കാൻ കഴിവുള്ള ഒരു ശരീരവും ലൗകികതയിൽനിന്ന് മോചിതമായി സത്യത്തിന്റെ വെളിച്ചത്തെ ലക്ഷ്യമാക്കി നീങ്ങുന്ന ഒരു മനസ്സുമുണ്ടാകണം.

ദൈവസ്നേഹത്തെ പ്രതി അനുദിന ജീവിതത്തിലെ ത്യാഗങ്ങളിലൂടെ ശരീരത്തെയും മനസ്സിനെയും നിയന്ത്രിക്കുമ്പോഴാണ് നമ്മുടെ ആരാധന കുറ്റമറ്റതാകുന്നത്.

'എനിക്ക് ഒരു ചെലവുമില്ലാത്ത ദഹനബലി കർത്താവിനു ഞാൻ അർപ്പിക്കുകയില്ല' എന്ന വാക്യത്തെ ജീവിതത്തിന്റെ ഉള്ളറകളിലേക്കു നമുക്കു സ്വീകരിക്കാം. 'ദൈവസ്നേഹത്തിനുവേണ്ടി ഞാൻ ഇന്ന് എന്തുവില കൊടുക്കും?' എന്നത് നാം സ്വയം ചോദിക്കേണ്ട ഒരു ചോദ്യമാണ്. എനിക്കുള്ളതിൽ ഏറ്റവും മെച്ചമായതാണോ അതോ എന്റെ ജീവിതത്തിൽ മിച്ചംവരുന്നതാണോ ഞാൻ ദൈവത്തിനുകൊടുക്കുന്നത് ? യഥാർഥ സ്നേഹം യഥാർഥ ത്യാഗം ആവശ്യപ്പെടുന്നു. കൽക്കട്ടയിലെ വിശുദ്ധ തെരേസ പറയുന്നത് 'നാം മുറിപ്പെടുന്നതുവരെ കൊടുക്കണ'മെന്നാണ്. അനുദിനജീവിതത്തിൽ ഏറ്റവും വിലയേറിയതുതന്നെ ദൈവാരാധനയ്ക്കായി നൽകാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. നമ്മുടെ ഈ കൊച്ചു ത്യാഗങ്ങളെല്ലാം വിശുദ്ധ കുർബാന വഴി കാൽവരിയിലെ പരമമായ ബലിയിലേക്കുയർത്താൻ നമുക്ക് കഴിയട്ടെ.

**അഡോൾഫ് ഗോൾഡ്വിൻ, ഓക്ക്ലൻഡ്**
ഭാര്യ ലൂസിയോടൊപ്പം രണ്ടുപതിറ്റാണ്ടായി ഇന്ത്യയിലെയും ഇപ്പോൾ ന്യൂസീലൻഡിലെയും ജീസസ് യൂത്തിൽ സജീവം.
പ്രമുഖ ബയോ മെഡിക്കൽ കമ്പനിയിൽ ഗ്ലോബൽ പ്രോഡക്ട് മാനേജരായി ജോലി ചെയ്യുന്നതിനൊപ്പം ഡീക്കൻ പഠനവും നടത്തുന്നു.